13235
16/6/17

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - പഞ്ചായത്ത് ജീവനക്കാര്യം - പാലക്കാട് ജില്ല, അഗളി ഗ്രാമപഞ്ചായത്ത് - പഞ്ചായത്ത് വക ഭൂമി സ്വകാര്യ വ്യക്തി കൈയ്യേറിയതുമായി ബന്ധപ്പെട്ട് മുൻ സെക്രട്ടറി ശ്രീ. പി.റ്റി. മോഹനനെതിരായ അച്ചടക്ക നടപടി - തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

===================================================================

**തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്**

സ.ഉ.(സാധാ) നം.1956/2017/തസ്വഭവ തീയതി, തിരുവനന്തപുരം, 13.06.2017

===================================================================

പരാമർശം: 1. ധനകാര്യ പരിശോധനാ വിഭാഗം അഗളി ഗ്രാമപഞ്ചായത്തിൽ നടത്തിയ പരിശോധനാ റിപ്പോർട്ട് നം.84419/FIW/H1/03/Fin തീയതി 15.04.2004

2. പഞ്ചായത്ത് ഡയറക്ടറുടെ 15.01.2013-ലെ ഡി10-11102/09 നമ്പർ നടപടിക്രമം
3. പഞ്ചായത്ത് ഡയറക്ടറുടെ 01.08.2013-ലെ ഡി10-11102/09 നമ്പർ നടപടിക്രമം
4. ശ്രീ. പി.റ്റി. മോഹനൻ 22.02.2013-ന് സമർപ്പിച്ച അപ്പീൽ അപേക്ഷ
5. 13.02.2014-ലെ 17483/ഇപിബി3/13/തസ്വഭവ നമ്പർ കാരണം കാണിക്കൽ നോട്ടീസ്
6. 07.04.2014-ന് ശ്രീ. പി.റ്റി. മോഹനൻ സമർപ്പിച്ച പ്രതിവാദ പത്രിക
7. പഞ്ചായത്ത് ഡയറക്ടറുടെ 19.04.2013-ലെ ഡി10-11102/09 നമ്പർ റിപ്പോർട്ട്

**ഉത്തരവ്**

അഗളി ഗ്രാമപഞ്ചായത്തിൽ ധനകാര്യ പരിശോധന വിഭാഗം പരിശോധന നടത്തിയതിൽ പഞ്ചായത്ത് പൊതുശ്മശാനത്തിന് വേണ്ടി വാങ്ങിയിട്ടുള്ള 5 ഏക്കർ സ്ഥലം സ്വകാര്യ വ്യക്തി കൈയ്യേറി കൈവശം വച്ചിരിക്കുന്നതായും എന്നാൽ ആയതിന് ഫലപ്രദമായ നടപടികൾ ഒന്നും തന്നെ ബന്ധപ്പെട്ടവരിൽ നിന്നും ഉണ്ടായിട്ടില്ല എന്ന ധനകാര്യ പരിശോധനാ വിഭാഗത്തിന്റെ പരാമർശം (1) റിപ്പോർട്ട് പ്രകാരം പഞ്ചായത്ത് വക വസ്തു സ്വകാര്യ വ്യക്തി കൈയ്യേറിയതിന് കൂട്ടുനിൽക്കുകയോ നിസംഗത പ്രകടിപ്പിക്കുകയോ ആണ് പഞ്ചായത്തിൽ സേവനമനുഷ്ടിച്ചിരുന്ന സെക്രട്ടറിമാർ ചെയ്തതെന്നും ആയതിനാൽ 1998 മുതൽ അഗളി ഗ്രാമപഞ്ചായത്തിൽ സെക്രട്ടറിമാരായി സേവനമനുഷ്ടിച്ചിരുന്നവരും ഇപ്പോൾ സർവ്വീസിൽ ഉള്ളവരുമായവർക്കെതിരെ അച്ചടക്കനടപടി സ്വീകരിക്കണമെന്ന സർക്കാർ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ അഗളി ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറിയായ ശ്രീ. പി.റ്റി. മോഹനനെതിരെ അച്ചടക്ക നടപടി സ്വീകരിക്കുകയും പരാമർശം (2) പ്രകാരം ടിയാന്റെ രണ്ട് വാർഷിക ശമ്പള വർദ്ധനവുകൾ സഞ്ചിതഫലമില്ലാതെ തടയുക എന്ന ശിക്ഷ നൽകി ടിയാനെതിരെ തുടർന്നു വന്നിരുന്ന അച്ചടക്ക നടപടി തീർപ്പാക്കിയിരുന്നു.

ശ്രീ.പി.റ്റി. മോഹനൻ 31.03.2011-ൽ സർവ്വീസിൽ നിന്നും വിരമിച്ചതിനാൽ ടിയാനെതിരെ KCS (CC&A) Rules പ്രകാരം അച്ചടക്കനടപടി തീർപ്പാക്കിയ പഞ്ചായത്ത് ഡയറക്ടറുടെ ഉത്തരവ് റദ്ദ് ചെയ്യാൻ സർക്കാർ നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ ടി ഉത്തരവ് റദ്ദ് ചെയ്തും KSR Part III Rules 3 നു താഴെയുള്ള പ്രൊവിസോ (എ) പ്രകാരം തുടർനടപടി

സ്വീകരിക്കുന്നതിലേക്കായി സർക്കാരിലേക്ക് ശുപാർശ ചെയ്തുകൊണ്ടും ശ്രീ. പി.റ്റി. മോഹനനെതിരെ തുടർന്നു വന്നിരുന്ന അച്ചടക്കനടപടി പരാമർശം (3) പ്രകാരം പഞ്ചായത്ത് ഡയറക്ടർ തീർപ്പാക്കി.

13.02.2014-ന് ടിയാൾക്ക് നൽകിയ കാരണം കാണിക്കൽ നോട്ടീസിന് ടിയാൾ സമർപ്പിച്ച പ്രതിവാദ പത്രികയിന്മേലുള്ള പഞ്ചായത്ത് ഡയറക്ടറുടെ റിപ്പോർട്ട് ചുവടെ കണ്ടാലും.

ശ്രീ. പി.റ്റി. മോഹനൻ 18.08.2008-ലാണ് അഗളി ഗ്രാമപഞ്ചായത്തിൽ സെക്രട്ടറിയായി ചാർജ്ജെടുത്തത്. അച്ചടക്ക നടപടിക്കാസ്പദമായ റിപ്പോർട്ടിന്മേൽ ശ്രീ. പി.റ്റി. മോഹനൻ ചാർജ്ജെടുക്കുന്നതിനു മുമ്പ് തന്നെ നടപടി സ്വീകരിക്കേണ്ടതായിരുന്നു. എന്നാൽ നാലര വർഷത്തോളം ടി ഫയലിന്മേൽ യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല. എന്നാൽ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ളതും മണ്ണാർക്കാട്-ചിന്നതടം മെയിൻ റോഡിൽ സംസ്ഥാനപാതയോട് ചേർന്നും അഗളി ഗ്രാമപഞ്ചായത്ത് ഓഫീസിൽ നിന്നും, അഗളി ടൗണിൽ നിന്നും അധികം ദൂരെയല്ലാതെയും സ്ഥിതി ചെയ്യുന്ന ശ്മശാന ഭൂമി ഒരു സ്വകാര്യ വ്യക്തി കയ്യേറിയത് അന്നത്തെ ഭരണസമിതി അംഗങ്ങൾ പോലും അറിഞ്ഞില്ലെന്നതും അന്നത്തെ സെക്രട്ടറിമാർ ഏതെങ്കിലും തരത്തിലുള്ള നടപടി സ്വീകരിക്കാൻ അലംഭാവം കാണിച്ചാൽപ്പോലും പ്രദേശിക ഭരണകൂടം കാണിച്ച വിമുഖത പ്രത്യേകം ശ്രദ്ധിക്കപ്പെടേണ്ടതാണ്. എന്നാൽ പി.റ്റി. മോഹനൻ സെക്രട്ടറിയായി ചാർജ്ജെടുത്ത കുറഞ്ഞകാലം കൊണ്ടുതന്നെ ഇക്കാര്യം ബോധ്യപ്പെട്ടുകയും തുടർന്ന് മേലധികാരികളുമായി ബന്ധപ്പെട്ട് ഫയലിൽ നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

ടി വിഷയവുമായി ബന്ധപ്പെട്ട രേഖകൾ ഒന്നുംതന്നെ പഞ്ചായത്ത് ഓഫീസിൽ ലഭ്യമാകാതിരുന്നിട്ടും പാലക്കാട് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ഓഫീസുമായി ബന്ധപ്പെട്ട രേഖകൾ സംഘടിപ്പിച്ച് നിയമനടപടികളിലൂടെ ആസ്തി വീണ്ടെടുക്കുന്നതിന് ശ്രീ. പി.റ്റി. മോഹനൻ കാണിച്ച ആർജ്ജവം മുൻ സെക്രട്ടറിമാരും ഭരണസമിതികളും കാണിച്ചിരുന്നുവെങ്കിൽ ടി സ്ഥലം അന്യാധീനപ്പെടുമായിരുന്നില്ല. 31.03.2011-ന് ശ്രീ. പി.റ്റി. മോഹനൻ സേവനത്തിൽ നിന്നും വിരമിച്ചു എന്നിരുന്നാലും സേവനത്തിൽ നിന്നും വിരമിക്കാൻ കുറഞ്ഞകാലം മാത്രം ബാക്കി നിൽക്കേ ഒറ്റപ്പെട്ടതും പട്ടികവർഗ്ഗ പിന്നോക്ക മേഖലയുമായ അട്ടപ്പാടി പോലുള്ള പ്രദേശത്ത് സേവനമനുഷ്ഠിച്ച് പരമാവധി ആത്മാർത്ഥമായി പ്രവർത്തിച്ച സെക്രട്ടറി ശ്രീ. പി.റ്റി. മോഹനനെതിരെ ശിക്ഷണ നടപടികൾ സ്വീകരിക്കുന്നത് സത്യസന്ധരായ ജീവനക്കാരുടെ ആത്മവീര്യം കെടുത്തുമെന്നതിനാലും, ടി വിഷയവുമായി ബന്ധപ്പെട്ട് കുറ്റാരോപിതരായ 7 പേരെ കുറ്റവിമുക്തരാക്കിയിട്ടുമുണ്ടെന്നതിനാലും ശ്രീ. പി.റ്റി. മോഹനനെക്കൂടി കുറ്റവിമുക്തനാക്കുകയാണ് ഉചിതമെന്ന് പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ശ്രീ. പി.റ്റി. മോഹനൻ സെക്രട്ടറിയായി തുടർന്നിരുന്ന കാലത്താണ് വിവിധ രേഖകൾ സംഘടിപ്പിച്ച് നിയമ നടപടിയിലൂടെ ആസ്തി വീണ്ടെടുക്കുവാൻ ശ്രമിച്ചത് എന്ന് കാണുന്നു. കൂടാതെ സേവനത്തിൽ നിന്നും വിരമിക്കാൻ കുറഞ്ഞകാലം മാത്രം ബാക്കി നിൽക്കേ പരമാവധി ആത്മാർത്ഥമായി പ്രവർത്തിച്ച

ടിയാനെതിരെ ശിക്ഷണ നടപടികൾ സ്വീകരിക്കുന്നത് സത്യസന്ധരായ ജീവനക്കാരുടെ ആത്മവീര്യം കെടുത്തുമെന്നുമുള്ള പഞ്ചായത്ത് ഡയറക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അഗളി ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറി ശ്രീ. പി,റ്റി. മോഹനനെതിരെ സ്വീകരിച്ച നടപടി ടിയാനെ കുറ്റവിമുക്തനാക്കി അച്ചടക്ക നടപടി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു. ഇക്കാര്യത്തിൽ ആവശ്യമായ തുടർനടപടികൾ പഞ്ചായത്ത് ഡയറക്ടർ സ്വീകരിക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**എസ്. മോഹൻദാസ്**
ജോയിന്റ് സെക്രട്ടറി

1. ശ്രീ. പി.റ്റി. മോഹനൻ, മുൻ സെക്രട്ടറി, അഗളി ഗ്രാമപഞ്ചായത്ത്
(പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം മുഖേന)
2. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
3. അക്കൗണ്ടന്റ് ജനറൽ (എ&ഇ)/(ആഡിറ്റ്), കേരള, തിരുവനന്തപുരം/തൃശ്ശൂർ
4. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്
5. ഡയറക്ടർ, ഐ.കെ.എം., തിരുവനന്തപുരം
6. ധനകാര്യ വകുപ്പ് (ഫയൽ നം.84419/FIW/H1/03/Fin)
7. തദ്ദേശ സ്വയംഭരണ (എബി) വകുപ്പ് (ഫയൽ നം.52530/എബി2/07/തസ്വഭവ)
8. വെബ് & ന്യൂ മീഡിയ, സൗത്ത് ബ്ലോക്ക്, ഗവ. സെക്രട്ടേറിയറ്റ്, തിരുവനന്തപുരം
9. കരുതൽ ഫയൽ/ഓഫീസ് കോപ്പി (ഫയൽ നം.17483/ഇപിബി3/2013/തസ്വഭവ)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ